# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2370 07.02.2019 -ൽ മറുപടിക്ക്

# കേരളത്തെ ഉല്പാദക സംസ്ഥാനമാക്കി മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായി എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | എ) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി വ്യവസായ വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>• വ്യവസായ മേഖലയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങളും ബഹുനില വ്യവസായ എസ്റ്റേറ്റുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>• വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിൽ നിലവിലുള്ള ഡവലപ്മെന്റ് ഏരിയ/ഡവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങളായ ആന്തരിക റോഡുകൾ,വൈദ്യുതി വിതരണം, ജല വിതരണം, തുടങ്ങിയവയ്ക്കായി ഭരണാനുമതിയും ആവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന വികസനത്തിനായും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>• ഖര ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി 70:30 എന്ന അനുപാതത്തിലും, അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, പൊതു കോൺഫറൻസ് ഹാൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യത്തിനായി 50:50 അനുപാതത്തിലും യഥാക്രമം സർക്കാർ വിഹിതവും ഉപഭോക്തൃ വിഹിതവും വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി. നിക്ഷേപ സാദ്ധ്യതകൾ ഉള്ള പുതിയ വ്യവസായ മേഖലകൾ പരിചയപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാ-ടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം, മലബാർ ക്രാഫ്റ്റ് മേള, ദേശീയ അന്തർദേശീയ മേളകളിൽ വ്യവസായികൾക്ക് പങ്കെടുക്കുന്നതിനുള്ള പദ്ധതി തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. |
| ബി) | വ്യവസായം തുടങ്ങുന്നതിന് അനുമതി കിട്ടുന്നതിനുള്ള കാലതാമസം, നിയമാനുസൃതം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ? | ബി) | വ്യവസായം തുടങ്ങുന്നതിനു അനുമതി കിട്ടുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനായി KSWIFT ( കേരള സിംഗിൾ വിൻഡോ ഇന്റർഫേയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി )എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാ തലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്. ടി പോർട്ടൽ വഴി 14 വകുപ്പുകൾ/ഏജൻസികളിൽ നിന്നുമുള്ള 29 സേവനങ്ങൾ ഓൺലൈൻ ആയി നേടുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലേക്കും ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വഴി ഒരു അപേക്ഷാഫോം (CAF) ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയും. എല്ലാ വകുപ്പുകളിൽ നിന്നുമുള്ള ലൈസൻസുകൾ അടങ്ങുന്ന 5 വർഷത്തെ പ്രാബല്യമുള്ള ഡിജിറ്റൽ ലൈസൻസ് ലഭ്യമാക്കുന്നതായിരിക്കും. ലൈസൻസ് അനുവദിക്കുന്നതിന് വകുപ്പുതല തീരുമാനം 30 ദിവസത്തിലധികരിച്ചാൽ ഈ പദ്ധതിപ്രകാരം ഡീംഡ് ലൈസൻസ് ലഭ്യമാകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ